പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4238 — 20.03.2018-ലെ മറുപടിക്ക്

## കെ എസ് ആർ ടി സി നേരിടുന്ന പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രതിസന്ധി പരിഹരിക്കുവാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എതെല്ലാമാണെന്ന് വിശദീകരിക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ സമഗ്ര പുനഃരുദ്ധാരണത്തിനായി കെ.എസ്.ആർ.ടി.സിയുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കൊൽക്കത്ത ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ റിട്ടയേർഡ് പ്രൊഫസർ സുശീൽ ഖന്നയെ നിയമിക്കുകയും, അദ്ദേഹത്തിന്റെ ഇടക്കാല റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുനഃരുദ്ധാരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരികയുമാണ്. സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി ഇപ്പോൾ കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി എടുത്തിട്ടുള്ള വായ്പകൾ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യത്തിലേക്ക് മാറ്റുവാനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. 9% പലിശ നിരക്കിലും 20 വർഷത്തെ തിരിച്ചടവ് കാലാവധിയിലും 3350 കോടി രൂപ അനുവദിക്കാമെന്ന് ബാങ്കുകളുടെ കൺസോർഷ്യം തത്വത്തിൽ സമ്മതിച്ച് കഴിഞ്ഞു. ഇത് യാഥാർത്ഥ്യമായാൽ കെ.എസ്.ആർ.ടി.സിയ്ക്ക് വായ്പ തിരിച്ചടവിനത്തിൽ പ്രതിമാസം 60 കോടി രൂപ ലാഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പുനരുദ്ധാരണത്തിന്റെ ഭാഗമായി, കെ.എസ്.ആർ.ടി.സി.യുടെ മാനേജ്മെന്റ് തലത്തിൽ കരാർ അടിസ്ഥാനത്തിൽ പ്രൊഫഷണലുകളെ സർക്കാർ നിയമിച്ചിട്ടുണ്ട്. ജീവനക്കാരുടെ ഡ്യൂട്ടി പാറ്റേണിൽ പുനഃക്രമീകരണം നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ പുനഃരുദ്ധാരണം സംബന്ധിച്ച് പ്രൊഫ. സുശീൽ ഖന്ന സമർപ്പിച്ച ഇടക്കാല |

| | | | |
|---|---|---|---|
| | | | റിപ്പോർട്ടിലെ ശുപാർശകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നോഡൽ ഓഫീസറായി കോർപ്പറേഷനിലെ ഡെപ്യൂട്ടി ജനറൽ മാനേജർ (ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ) -യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, കാലാവധി പൂർത്തിയാക്കിയ പഴയ ബസ്സുകൾ മാറ്റുന്നതിനും പുതിയ സർവ്വീസുകൾ ആരംഭിച്ച് വരുമാനം ഉയർത്തുന്നതിനുമായി 900 ഡീസൽ ബസ്സുകൾ വാങ്ങുന്നതിന് KIIFB-യിൽ നിന്നും 324 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | മാനേജ്മെന്റ് സ്വീകരിക്കുന്ന നടപടികൾക്കെതിരെ ട്രേഡ് യൂണിയനുകൾ എതിർപ്പുകളുമായി രംഗത്ത് വരുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | കോർപ്പറേഷന്റെ പുനഃരുദ്ധാരണവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ ഡ്യൂട്ടി പാറ്റേൺ പരിഷ്കരണങ്ങളോട് തൊഴിലാളി സംഘടനകൾ തങ്ങളുടെ വിയോജിപ്പ് അറിയിക്കുകയുണ്ടായിട്ടുണ്ട്. കൂടാതെ ചില തൊഴിലാളി സംഘടനകൾ ഇതുമായി ബന്ധപ്പെട്ട് പ്രക്ഷോഭത്തിലുമാണ്. ഇത് രമ്യമായി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | പ്രതിസന്ധികൾ പരിഹരിക്കുവാനും, പ്രശ്നപരിഹാരത്തിനുള്ള നടപടികൾ സമയബന്ധിതമായി നടപ്പിലാക്കുവാനും മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദ വിവരം നൽകുമോ? | (സി) | കെ.എസ്.ആർ.ടി.സിയിലെ പ്രതിസന്ധികൾ പരിഹരിക്കുന്നതിനും, കോർപ്പറേഷനെ പുനഃരുദ്ധരിക്കുന്നതിനുമായി സർക്കാർ നിയോഗിച്ച പ്രൊഫ.സുശീൽ ഖന്ന സമർപ്പിച്ച കരട് പഠന റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ മുൻഗണനാക്രമത്തിൽ കോർപ്പറേഷനിൽ നടപ്പിലാക്കുന്നതിന് തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ചർച്ചാ യോഗങ്ങൾ നടത്തുകയും റിപ്പോർട്ടിലെ ശുപാർശകൾ സമയ ബന്ധിതമായി നടപ്പിലാക്കുന്നതിന് നോഡൽ ഓഫീസറായി കോർപ്പറേഷനിലെ ഡെപ്യൂട്ടി ജനറൽ മാനേജർ (ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ) -നെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**